(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗസറ്റഡ് തസ്തികയിൽ 22-ഉം, നോൺ ഗസറ്റഡ് തസ്തികയിൽ 30-ഉം സ്ഥാനക്കയറ്റങ്ങൾ നൽകിയിട്ടുണ്ട്.

ഗസറ്റഡ് വിഭാഗം	എണ്ണം
ഡെ. ഡയറക്ടർ	2
ജില്ലാഭാഗ്യക്കുറി ഓഫീസർ	10
അസി.ജില്ലാ ഭാഗ്യക്കുറി ഓഫീസർ	10
ആകെ	22

നോൺ ഗസറ്റഡ് വിഭാഗം	എണ്ണം
ജൂനിയർ സൂപ്രണ്ട്	10
ഹെഡ് ക്ലാർക്ക്	10
യു. ഡി. സി.	10
ആകെ	30

(ജി) മേൽപ്പറഞ്ഞ സ്ഥാനക്കയറ്റങ്ങൾ ഒന്നും തന്നെ തടഞ്ഞുവച്ചിരുന്നവയല്ല.

(എച്ച്) ഡയറക്ടർ തസ്തികയിൽ ഒരൊഴിവും ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ രണ്ട് ഒഴിവും ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിൽ ഒരൊഴിവും ഉണ്ട്.

(ഐ&ജെ) ഇക്കാര്യം പരിശോധിച്ചു വരുന്നു.

(കെ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 22 ഗസറ്റഡ് തസ്തികകളിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുവാൻ നടപടി

25 (4064) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കണം എന്നതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(സി) നിലവിൽ സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള ഏറ്റവും ശക്തമായ ഓഡിറ്റ് ഏജൻസി ഏതാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത ഏജൻസിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) തൽക്കാലം പരിഗണനയിലില്ല.

(സി) നിലവിൽ സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള ഏറ്റവും ശക്തമായ ഓഡിറ്റ് ഏജൻസി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റാണ്.

(ഡി) പ്രസ്തുത ഏജൻസികളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ വേണ്ടി കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെയുള്ള നവീകരണം സർക്കാരിന്റെ പരിഗണനയിലാണ്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രവർത്തനം

26 (4065) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ചെയ്തിരുന്ന ഓഡിറ്റ് ജോലികളുടെ എത്ര ശതമാനമാണ് അക്കൗണ്ടന്റ് ജനറൽ ഓഫീസിനെ ഏൽപ്പിക്കുകയുണ്ടായത് ;

(ബി) എന്തു കാരണത്താലാണ് ഇത്തരമൊരു തീരുമാനം കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ തീരുമാനം നടപ്പിലാക്കരുത് എന്നാവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും സർവ്വീസ് സംഘടനകൾ നിവേദനം നൽകുകയുണ്ടായോ ;

(ഡി) അതിനെ തുടർന്ന് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 10% ഓഡിറ്റും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റു ചെയ്ത 10% സ്ഥാപനങ്ങളുടെ സപ്ലിമെന്ററി ഓഡിറ്റും ആണ് അക്കൗണ്ടന്റ് ജനറലിനെ ഏൽപ്പിച്ചിരിക്കുന്നത്.

(ബി) 11-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് 1971-ലെ സി. ആന്റ് എ. ജി. (ഡി.പി. സി) ആക്ട് സെക്ഷൻ 20 (1) പ്രകാരമാണ് ഇങ്ങനെ തീരുമാനമെടുത്തത്.

(സി) നിവേദനം കിട്ടിയിട്ടുണ്ട്.

(ഡി) ഇക്കാര്യം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly